# മഹാത്മാഗാന്ധി സർവ്വകലാശാല

(സംഗ്രഹം)

സർവകലാശാലാ കാര്യാലയം - 2016-17 സാമ്പത്തിക വർഷം മുതൽ സർവ്വകലാശാലയിൽ നിന്നും ഭവന നിർമ്മാണ വായ്പ എടുത്തിട്ടുള്ള ജീവനക്കാർക്ക് 5 % സ്റ്റാമ്പ് ഡ്യൂട്ടീ ഇളവ് നൽകുന്നത് സംബന്ധിച്ച് സിൻഡിക്കേറ്റ് യോഗത്തിന്റെ തീരുമാനം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഭരണം ബി-1 വിഭാഗം

യു.ഒ.നം: 666/ബി 1/2/എസ്.ഡി/2018/ഭരണം തീയതി , പി.ഡി. ഹിൽസ്, 31/01/2018

---

പരാമർശം: 1. കേരള സർവ്വകലാശാല രജിസ്ട്രാറുടെ 13.10.2017 ലെ എഡി.ബി III.4/5301/2016 നമ്പർ കത്ത്

2. 27/11/2017 ലെ എ. ഡി. ബി -1/2/ എച്ച്.ബി.എ(ജനറൽ)(എ)/ 2009-10 നമ്പർ കുറിപ്പ്

3. 12.01.2018 ൽ ചേർന്ന സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിറ്റ്സിലെ ഇനം നം: 75/18.01/172513

**ഉത്തരവ്**

കേരള ഫിനാൻസ്യൽ കോഡ് വാല്യം 1 ലെ ആർട്ടിക്കിൾ 244 സി (25) അനുസരിച്ച് സർവ്വകലാശാല ജീവനക്കാർക്ക് ഭവനനിർമ്മാണ വായ്പ അനുവദിക്കുന്നതോടൊപ്പം 5% സ്റ്റാമ്പ് ഡ്യൂട്ടി കൂടി തിരികെ നൽകുന്ന രീതി തുടർന്നു വന്നിരുന്നു. എന്നാൽ, 25.04.2017 ലെ കെ.എസ്.എം.ജി.യു/എ1/161/2017 നമ്പർ കത്ത് പ്രകാരം കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ ജോയിന്റ് സെക്രട്ടറി, സർവ്വകലാശാല ജീവനക്കാർക്ക് 5% സ്റ്റാമ്പ് ഡ്യൂട്ടി ഇളവ് അനുവദിക്കുന്നതിൽ സർക്കാരിൽ നിന്നും സാധൂകരണം ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാൻ ആവശ്യപ്പെട്ടിരുന്നു. അതിൻപ്രകാരം 07/07/2017 ൽ ഉന്നതവിദ്യാഭ്യാസ സെക്രട്ടറിക്ക് കത്ത് അയച്ചിരുന്നുവെങ്കിലും മറുപടി ലഭിച്ചിരുന്നില്ല.

കൂടാതെ, കേരള സർവ്വകലാശാല ജീവനക്കാർക്ക് ഭവന നിർമ്മാണ വായ്പ നൽകുമ്പോൾ 5% സ്റ്റാമ്പ് ഡ്യൂട്ടി ഇളവ് നൽകുന്നതിൽ ലോക്കൽ ഫണ്ട് ഓഡിററ് തടസ്സവാദങ്ങൾ ഉന്നയിച്ചിട്ടുണ്ടോ എന്നറിയുന്നതിനും ഇതു സംബന്ധിച്ച് സർക്കാരിൽനിന്ന് ഉത്തരവ് ലഭിച്ചിട്ടുണ്ടെങ്കിൽ അതിന്റെ കോപ്പി ലഭ്യമാക്കുന്നതിനും വേണ്ടി 07/07/2017 ൽ കേരള സർവ്വകലാശാല രജിസ്ട്രാർക്ക് കത്ത് അയയ്ക്കുകയും അതിന് മറുപടിയായി, 28/12/1972 തീയതിയിലെ കേരള സർവ്വകലാശാല സിൻഡിക്കേറ്റ് തീരുമാനപ്രകാരം സർവ്വകലാശാല ജീവനക്കാർക്ക് ഭവനനിർമ്മാണ വായ്പ അനുവദിക്കുമ്പോൾ 5 % സ്റ്റാമ്പ് ഡ്യൂട്ടി തിരികെ നൽകുന്ന പതിവ് തുടർന്ന് പോരുകയാണെന്നും സ്റ്റാമ്പ് ഡ്യൂട്ടി തിരികെ നൽകുന്നതുമായി ബന്ധപ്പെട്ട് ലോക്കൽ ഫണ്ട് ഓഡിറ്റ് നാളിതുവരെ തടസ്സവാദങ്ങൾ ഉന്നയിച്ചിട്ടില്ലായെന്നും ഇതുമായി ബന്ധപ്പെട്ട് സർക്കാരിൽ നിന്നും യാതൊരു ഉത്തരവും ലഭിച്ചിട്ടില്ലായെന്നും കേരള സർവ്വകലാശാല രജിസ്ട്രാർ പരാമർശം (1) പ്രകാരം അറിയിക്കുകയും ചെയ്തു.

മേൽ വിഷയം സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്കായി പരാമർശം (2) പ്രകാരം സമർപ്പിക്കുകയും 12/01/2018 ൽ ചേർന്ന സിൻഡിക്കേറ്റ് യോഗം പരാമർശം (3) പ്രകാരം, 2016-17 സാമ്പത്തിക വർഷം മുതൽ സർവ്വകലാശാലയിൽ നിന്നും ഭവന നിർമ്മാണ വായ്പ എടുത്തിട്ടുള്ള ജീവനക്കാർക്ക് 5% സ്റ്റാമ്പ് ഡ്യൂട്ടി ഇളവ് നൽകുന്നത് സംബന്ധിച്ച് കേരള സർവ്വകലാശാലായിലെ രീതി തുടരാൻ തീരുമാനിക്കുകയും ചെയ്തു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
**സദാനന്ദൻ. എം.കെ**
**അസിസ്റ്റന്റ് രജിസ്ട്രാർ (ഭരണം വിഭാഗം-2)**
**രജിസ്ട്രാർക്കു വേണ്ടി**

പകർപ്പ്:

1) പി.എസ് (വി.സി, പി.വി.സി)
2) പി.എ (രജിസ്ട്രാർ, എഫ്.ഒ)
3) പബ്ലിക് റിലേഷൻ ഓഫീസർ
4) കണ്ടന്റ് മാനേജ്മെന്റ് സെക്ഷൻ
5) ഐ.ക്യൂ.എ.സി.
6) ഫിനാൻസ് -1
7) എ.സി.സി-1
8) ഗവ. ഓഡിറ്റർ
9) കരുതൽ ഫയൽ
10) ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ